# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

കെട്ടിട നികുതി വർദ്ധനവ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1617 12.6.15- ൽ മറുപടി നൽകേണ്ടിയിരുന്നതും,
2-7-15-ലേക്ക് മാറ്റപ്പെട്ടതും.

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാരധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; | (എ) | 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി വസ്തു നികുതി പരിഷ്കരണം ഒരു പ്രാവശ്യം നടത്തിയിട്ടുണ്ട്. |
| (ബി) | ഏത് മാനദണ്ഡ പ്രകാരമാണ് നികുതി വർദ്ധിപ്പിച്ചിട്ടുള്ളത്; മുൻ സർക്കാരിന്റെ കാലത്തേതിനേക്കാളും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ ? | (ബി) | നിലവിലുള്ള വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിന് പകരം ഓരോ കെട്ടിടത്തിന്റെയും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും, കൂടിയതുമായ പരിധികൾക്ക് വിധേയമായി, ഓരോ ഇനം കെട്ടിടത്തിനും അർഹമായ ഇളവുകളും, വർദ്ധനവുകളും ബാധകമാക്കിയാണ് നികുതി പരിഷ്കരണം നടത്തുന്നത്. വാസഗൃഹങ്ങൾക്ക് പരമാവധി 25% വർദ്ധനവും, വാസേതര കെട്ടിടങ്ങൾക്ക് പരമാവധി 100% വർദ്ധനവും എന്ന നിബന്ധനകൾ വച്ചിട്ടുണ്ട്. 660 ചതുരശ്ര അടി വരെ പ്ലിന്ത് ഏരിയയിൽ വരുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ